രജിസ്ട്രേഷൻ വകുപ്പ് മുഖേന 2016 മേയ് മാസം വരെ അണ്ടർ വാല്യുവേഷൻ ഇനത്തിൽ ഏകദേശം 30.30 കോടി രൂപ പിരിച്ചെടുക്കാനുണ്ടായിരുന്നു. ആയതിൽ 2017 മാർച്ച് വരെ 14.33 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ യഥാക്രമം 71.65 കോടി രൂപയും 258.58 കോടി രൂപയും പിരിച്ചെടുക്കുവാനുണ്ടായിരുന്നു. ടി ഇനങ്ങളിൽ 31-3-2017 വരെ യഥാക്രമം 302.08 കോടി രൂപയും 691.54 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മോട്ടോർ വാഹന വകുപ്പിന്റെ നികുതി കുടിശ്ശിക 256.29 കോടി രൂപയായിരുന്നു. ഇതിൽ 31-12-2016-ൽ അവസാനപാദം വരെ 17.55 കോടി രൂപ പിരിച്ചെടുക്കുകയും 45.42 കോടി രൂപയ്ക്ക് ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എക്സൈസ് വകുപ്പുവഴി അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട് പലിശയടക്കം പിരിച്ചെടുക്കാനുണ്ടായിരുന്ന തുക 243 കോടി രൂപയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-3-2017 വരെ ഈ ഇനത്തിൽ 1.57 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ കോടതി സ്റ്റേമൂലം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്.

**നികുതി വരുമാനം പങ്കുവയ്ക്കൽ-കേന്ദ്ര-സംസ്ഥാന നിരക്കിൽ മാറ്റം**

26 (3201) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വരുമാനം പങ്കുവയ്ക്കുന്ന കേന്ദ്ര-സംസ്ഥാന നിരക്കിൽ മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ പുതിയ റേഷ്യോ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതുക്കിയ നിരക്ക് പ്രകാരം സംസ്ഥാന വിഹിതത്തിൽ കുറവ് വരുമോ;

(സി) പ്രസ്തുത കുറവ് സംസ്ഥാന പദ്ധതി നിർവ്വഹണങ്ങളെ ബാധിക്കുമോ; എങ്കിൽ എങ്ങനെ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര വിഹിതത്തിൽ നിന്നുള്ള കുറവ് മൂലം ഉണ്ടാകാവുന്ന പ്രശ്നങ്ങൾ എപ്രകാരമാണ് തരണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം മാറ്റിവയ്ക്കപ്പെട്ട (ഡിവിസിബിൾ പൂൾ) നികുതി വരുമാനത്തിന്റെ 42% സംസ്ഥാന സർക്കാരുകൾക്ക് പങ്കുവച്ചു നൽകും. ഇതിൽ കേരളത്തിന്റെ വിഹിതം സേവന നികുതിയുടെ കാര്യത്തിൽ 2.526 ശതമാനവും മറ്റു നികുതികളുടെ കാര്യത്തിൽ 2.5 ശതമാനവുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) അതേസമയം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേണുകളിൽ ഗണ്യമായ മാറ്റം കൊണ്ടുവന്നു. ചില പദ്ധതികൾ ലയിപ്പിക്കുകയോ വേണ്ടെന്നു വയ്ക്കുകയോ ചെയ്തു. CSS-കളുടെ ഫണ്ടിംഗ് പാറ്റേണിൽ വന്ന മാറ്റം സംസ്ഥാനങ്ങളുടെ പദ്ധതി ബാദ്ധ്യത ഉയർത്തുന്നതാണ്. നികുതി വിഹിതത്തിന്റെ ശതമാനത്തിൽ കൊണ്ടുവന്ന മാറ്റം നൽകുന്ന മേന്മയെ ഇകഴ്ത്തുന്നതാണ് ഈ മാറ്റം.

**നികുതി കുടിശ്ശിക**

27 (3202) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ വരുത്തുന്ന വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാണിജ്യ നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശനമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചില വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നികുതി കുടിശ്ശികകൾ പലപ്പോഴും വിവിധ കാരണങ്ങളാൽ സമയബന്ധിതമായി പിരിച്ചെടുക്കാൻ കഴിയാതെ വരാറുണ്ട്. റവന്യൂ റിക്കവറിക്ക് റിക്വിസിഷൻ അയച്ച കേസുകളിൽ അപ്പീലുകളോ റിവിഷൻ ഹർജികളോ ഫയൽ ചെയ്യുമ്പോൾ അപ്പലേറ്റ് അതോറിറ്റികളിൽനിന്നും കോടതികളിൽനിന്നും സ്റ്റേ ഉത്തരവുകളും നികുതി/പെനാൽറ്റി ചുമത്തിയ ഉത്തരവുകൾ മോഡിഫൈ ചെയ്തുകൊണ്ടുമുള്ള ഉത്തരവുകളും ലഭിക്കുമ്പോൾ അതിനനുസൃതമായി റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്ത തുകകളിൽ വ്യത്യാസം വരാറുണ്ട്.

(ബി) വാണിജ്യ നികുതി കുടിശ്ശിക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ബോധപൂർവ്വം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്.

**കിഫ്ബി പദ്ധതികൾ**

28 (3203) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയ്ക്കുള്ള പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly